File No.DT/1772/2020-A9

" ഭരണഭാഷ - മാതൃഭാഷ"

**വ്യാവസായിക പരിശീലന വകുപ്പ്**

(കേരള സംസ്ഥാനം)

ട്രെയിനിംഗ് ഡയറക്ടറേറ്റ്, തൊഴിൽ ഭവൻ,പി.എം.ജി, തിരുവനന്തപുരം-33

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ക്രമം**

(നിലവിൽ:ഹസീന.പി.എസ്)

വിഷയം:-വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ്-ജീവനക്കാര്യം- ശ്രീ.രഘുനാഥൻ.പി യ്ക്ക് സ്റ്റോർ അറ്റൻഡർ തസ്തികയിൽ നോഷണൽ പ്രൊമോഷൻ അനുവദിച്ചും, സീനിയോരിറ്റി പുനഃക്രമീകരിച്ച് -ഉത്തരവാകുന്നു.

പരാമർശം:- 1.12.12.2011 തീയതിയിലെ എ3/4373/2009(3) നമ്പർ ഉത്തരവ്.

2. 27.07.2021 തീയതിയിലെ ഡി.റ്റി/1772/2020-എ9 നമ്പർ ഉത്തരവ്.
3. 21.03.2011 തീയതിയിലെ എ3/1111/10 നമ്പർ പ്രകാരമുള്ള ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ ജീവനക്കാരുടെ അന്തിമ സീനിയോരിറ്റി ലിസ്റ്റ്.
4. 22.03.2021 തീയതിയിലെ ഡി.റ്റി/3992/2009-എ9 നമ്പർ ഉത്തരവ്.

**ഉത്തരവ് നമ്പർ:DT/1772/2020-എ9 തീയതി:06.10.2021**

ബേപ്പൂർ ഐ.ടി.ഐ യിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.രഘുനാഥൻ.പി യ്ക്ക് പരാമർശം (2) പ്രകാരം സ്റ്റോർ അറ്റൻഡർ തസ്തികയിൽ ഉദ്യോഗക്കയറ്റം അനുവദിച്ച് കൊയിലാണ്ടി ഐ.ടി.ഐ യിൽ നിയമിച്ച് ഉത്തരവായിരുന്നു. ഒന്നാം പരാമർശ ഉത്തരവ് പ്രകാരം ടിയാൻ സ്ഥാനക്കയറ്റത്തിന് അർഹനായിരുന്നെങ്കിലും സ്ഥാനക്കയറ്റം അനുവദിച്ചിരുന്നില്ല.

മേൽ സാഹചര്യത്തിൽ, ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ ജീവനക്കാരുടെ പരാമർശം (3) പ്രകാരമുള്ള സീനിയോരിറ്റി ലിസ്റ്റിൽ, ശ്രീ.രഘുനാഥൻ.പി യുടെ ജൂനിയറും ക്രമ നം.451 ഉം ആയ ശ്രീ.ജോസ്മോൻ.പി യ്ക്ക് പരാമർശം (1) പ്രകാരം സ്റ്റോർ അറ്റൻഡർ തസ്തികയിൽ സ്ഥാനക്കയറ്റം അനുവദിച്ച 12.12.2011 തീയതി പ്രാബല്യത്തിൽ, ശമ്പളത്തിന്റെയും ആനുകൂല്യങ്ങളുടെയും കുടിശ്ശികയ്ക്ക് അർഹതയുണ്ടായിരിക്കുന്നതല്ല എന്ന എന്ന വ്യവസ്ഥയിൽ, 12.12.2011 തീയതി പ്രാബല്യത്തിൽ ശ്രീ.രഘുനാഥൻ.പി യ്ക്ക് നോഷണൽ പ്രൊമോഷൻ അനുവദിച്ച് ഉത്തരവാകുന്നു. അതോടൊപ്പം പരാമർശം (3) പ്രകാരമുള്ള സ്റ്റോർ അറ്റൻഡർ തസ്തികയിലെ ജീവനക്കാരുടെ അന്തിമ സീനിയോരിറ്റി ലിസ്റ്റിൽ ക്രമ നം.190 ആയ ശ്രീ.ജോസ്മോൻ.പി യ്ക്ക് മുകളിൽ ക്രമ നം.189(A) ആയി ക്രമീകരിച്ചും ഉത്തരവാകുന്നു.

ഒപ്പ്

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

**സ്വീകർത്താവ്**

ശ്രീ.രഘുനാഥൻ.പി, സ്റ്റോർ അറ്റൻഡർ.
ഐ.ടി.ഐ കൊയിലാണ്ടി.

**പകർപ്പ്**

1. പ്രിൻസിപ്പാൾ, ഐ.ടി.ഐകൊയിലാണ്ടി
(ശ്രീ.രഘുനാഥൻ.പി യ്ക്ക്, എൽ.ഡി സ്റ്റോർകീപ്പർ തസ്തികയിൽ സ്ഥാനക്കയറ്റം അനുവദിക്കുന്നതിലേയ്ക്കായി, ടിയാന്റെ സ്റ്റോർ അറ്റൻഡർ തസ്തികയിലെ നോഷണൽ പ്രൊമോഷൻ 12.12.2011 തീയതി പ്രാബല്യം മുതൽ പരിഗണിച്ച് പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനുള്ള ശിപാർശ സമർപ്പിക്കേണ്ടതാണ്.)
2. വകുപ്പ് വെബ്സൈറ്റ്
3. സ്റ്റോക്ക് ഫയൽ

**//ഉത്തരവിന് പ്രകാരം//**

Reji

**സീനിയർ സൂപ്രണ്ട്**